പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.249      26.9.2016 ൽ മറുപടിയ്ക്ക്

**<u>അംഗപരിമിതരുടെ പുനരധിവാസം</u>**

ചോദ്യം      മറുപടി

ശ്രീ.പി.ഉണ്ണി      ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നട്ടെല്ലിന് ക്ഷതം സംഭവിച്ച് ശിഷ്ട ജീവിതം വീൽചെയറിൽ തള്ളി നീക്കേണ്ടി വരുന്ന അംഗപരിമിതരുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്; വ്യക്തമാക്കുമോ; | (എ) നട്ടെല്ലിന് ക്ഷതം സംഭവിച്ച് ശിഷ്ട ജീവിതം വീൽചെയറിൽ തള്ളി നീക്കേണ്ടി വരുന്ന അംഗപരിമിതരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി പാലിയം ഇന്ത്യ എന്ന സന്നദ്ധ സംഘടനയ്ക്ക് സാമ്പത്തിക സഹായം അനുവദിച്ചു വരുന്നു. കൂടാതെ ജില്ലാ താലൂക്ക് ആശുപത്രികളിലെ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ യൂണിറ്റ് വഴി ഇവർക്കാവശ്യമായ ചികിത്സയും, വീൽചെയർ, മറ്റ് ഉപകരണങ്ങൾ എന്നിവ ആവശ്യമെങ്കിൽ സൌജന്യമായി നൽകി വരുന്നു. വെൽഫയർ സൊസൈറ്റി ഫോർ ലോക്കോമോട്ടോർ ഡിസേബിൾഡ് നടത്തുന്ന വെൽഫയർ ക്യാമ്പുകളിലും ഇവർക്കാവശ്യമായ ഉപകരണങ്ങൾ സൌജന്യമായി ലഭ്യമാക്കുന്നതാണ്. |
| (ബി) അത്തരക്കാരുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ; | (ബി) അത്തരക്കാരുടെ വിശദാംശങ്ങൾ പ്രത്യേകമായി ശേഖരിച്ചിട്ടില്ല. |
| (സി) നട്ടെല്ലിന് ക്ഷതം സംഭവിച്ച് അംഗപരിമിതരാക്കപ്പെട്ടവർക്ക് സഹായം എത്തിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) വിവിധ കാരണങ്ങളാൽ ശയ്യാവലംബരായവരെ പരിചരിക്കുന്നവർക്ക് ആശ്വാസ കിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകി വരുന്നു. സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കിടപ്പിലായ രോഗികൾക്ക് ഭവന സന്ദർശനം നടത്തി സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ സംവിധാനം ആരോഗ്യകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സജ്ജീകരിച്ചിട്ടുണ്ട്. എല്ലാ ആശുപത്രികളിലും സാന്ത്വന ചികിത്സ വേണ്ടി വരുന്ന രോഗികൾക്ക് സെക്കന്ററി കെയർ ചികിത്സാസംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. ഈ രോഗികൾക്ക് ആവശ്യമായ വൈദ്യസഹായവും, ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ സൌജന്യമായി വിതരണം ചെയ്തു വരുന്നു. സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങൾ നേടുവാനായി ഡിസെബിലിറ്റി ബോർഡ് സർട്ടിഫിക്കറ്റുകൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ